# കേരളസർവകലാശാല

നം.പി.ആർ.201/2021

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2020 സെപ്റ്റംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഒക്ടോബർ 13 നകം ഓഫ്‌ലൈനായി സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജൂണിൽ നടത്തിയ എം.എ. ഇസ്ലാമിക് ഹിസ്റ്ററി 2019 – 2021 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം 2021 ഫെബ്രുവരിയിൽ നടത്തിയ എം.എ. ഇക്കണോമിക്സ് (പ്രീവിയസ് ആന്റ് ഫൈനൽ – ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (ദ്വിവത്സര കോഴ്സ്) റഗുലർ & സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്‌സി. ഇലക്ട്രോണിക്സ് ഡിഗ്രി കോഴ്സിന്റെ പ്രായോഗിക പരീക്ഷ ഒക്ടോബർ 7 മുതൽ അതാത് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല ഒക്ടോബർ 6 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. (എസ്.ഡി.ഇ. – 2019 അഡ്മിഷൻ റെഗുലർ, 2017 & 2018 അഡ്മിഷൻ – സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് )പ്രാക്ടിക്കൽ പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### ടൈംടേബിൾ

കേരളസർവകലാശാല ഒക്ടോബർ 21 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (2013 സ്കീം) സപ്ലിമെന്ററി/സെഷണൽ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ഓൺലൈൻ/ഓഫ്‌ലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 5 മുതൽ ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ഒക്ടോബർ 13

വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 20 വരെയും 400 പിഴയോടെ ഒക്ടോബർ 22 വരെയും അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് ഓഫ്‌ലൈനായി അപേക്ഷ സമർപ്പിക്കുക. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.ബി.എ. (ഈവനിംഗ് – റെഗുലർ) – സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ എം.ബി.എ. (ഈവനിംഗ് – റെഗുലർ) കോഴ്സിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 11 ന് കാര്യവട്ടത്തെ ഐ.എം.കെ.യിൽ വച്ച് നടത്തുന്നതാണ്. അപേക്ഷകർക്ക് ബിരുദത്തിന് 50% മാർക്കും 3 വർഷത്തെ പ്രവൃത്തി പരിചയവും ഒക്ടോബർ 1 ന് 25 വയസ്സിന് മുകളിലുളളവരും ആയിരിക്കണം.

## അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) – ഒബ്ജക്ടീവ് പരീക്ഷ

കേരളസർവകലാശാല എഞ്ചിനിയറിംഗ് വിഭാഗത്തിലേക്ക് കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് എൻജിനീയറെ (സിവിൽ) നിയമിക്കുന്നതിനായി നടത്തിയ വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾക്കുള്ള ഒബ്ജക്ടീവ് പരീക്ഷ 2021 ഒക്ടോബർ 9 ശനിയാഴ്ച രാവിലെ 10.30 ന് കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലുള്ള യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ് ഉദ്യോഗാർത്ഥികൾക്കുള്ള ഹാൾടിക്കറ്റ് ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കുന്നതാണ്.

## സ്പോർട്സ് സ്കോളർഷിപ്പ് വിതരണം 2021

സൗത്ത് സോൺ/ഓൾ ഇന്ത്യാ അന്തർ സർവകലാശാല മത്സരങ്ങളിൽ കേരളസർവകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത് മെഡൽ കരസ്ഥമാക്കിയ കായികതാരങ്ങൾക്കുള്ള 2017 – 18, 2018 – 19 & 2019 – 20 അദ്ധ്യയന വർഷങ്ങളിലെ കേരളസർവകലാശാല സ്പോർട്സ് സ്കോളർഷിപ്പുകളുടെ വിതരണം 2021 ഒക്ടോബർ 8 ന് കേരളസർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്. സ്പോർട്സ് സ്കോളർഷിപ്പിന് അർഹരായിട്ടുള്ള വർ അന്നേ ദിവസം നിർബന്ധമായും ഒറിജിനൽ ആധാർ കാർഡ്, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ ആധാറിന്റെ പകർപ്പ്, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഇവ സഹിതം നേരിട്ട് ഹാജരായി സ്കോളർഷിപ്പ് തുക കൈപ്പറ്റേണ്ടതാണ്. നേരിട്ട് ഹാജരാകാൻ കഴിയാത്തവർ അധികാരപ്പെടുത്തിയ വ്യക്തിയുടെ ഒറിജിനൽ ആധാർ കാർഡും, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധാർ കാർഡിന്റെ പകർപ്പും, കായികതാരത്തിന്റെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധാറിന്റെ പകർപ്പ്, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ അഥവാ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പും, അധികാരപ്പെടുത്തിയ രേഖ എന്നിവ സമർപ്പിച്ച് തുക കൈപ്പറ്റാവുന്നതാണ്. നിശ്ചിത തീയതിക്കുള്ളിൽ കൈപ്പറ്റാത്ത സ്കോളർഷിപ്പ് തുക സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണ്.

തിരുവനന്തപുരം,
04.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ